യോഹ 3:1-12

ജനുവരി 22: ദനഹായക്കുശേഷം 3-ാം ഞായർ

ഭാഷ്യം

I. സന്ദർഭം

യഹൂദ പ്രമാണിയായ നിക്കോദേമോസ് യേശുവിനെ രാത്രിയിൽ സന്ദർശിക്കാൻ വരുന്നതും യേശുമായി സംഭാഷണത്തിൽ എർപ്പെടുന്നതുമാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം.

II. പ്രമേയം

ദൈവരാജ്യ പ്രവേശനത്തിന് ഒരു വീണ്ടും ജനനമാണ് ആവശ്യമായിരിക്കുന്നതെന്ന് ഈ വചനഭാഗം ഓർമ്മിപ്പിക്കുന്നു. ആത്മാവും ശരീരവും തമ്മിലുള്ള യഥാർത്ഥ വ്യത്യാസം ഈശോ ചുണ്ടിക്കാണിക്കുന്നു.

III. സന്ദേശം

1. യേശുവുമായുള്ള കണ്ടുമുട്ടലിൽ ശിഷ്യത്വത്തിലേക്ക് ഈ യഹൂദപ്രമാണികടന്നു വന്നുവെന്ന് തുടർന്നുള്ള നിക്കൊദേമോസിന്റെ ജീവിതശൈലിയിൽ നിന്ന് നമുക്ക് മനസ്സിലാകും. യേശുവിനുവേണ്ടി വാദിക്കുന്നവനായും (7: 50-51), യേശുവിന്റെ ശവസംസ്കാര ശുശ്രൂഷയിൽ സഹായിക്കുന്നവനുമായി (19: 39-40) നിക്കദേമോസ് മാറുന്നു. ഇത് ശിഷ്യത്വത്തിന്റെ വളർച്ചയാണ് സൂചിപ്പിക്കുന്നത്. ജനങ്ങളുടെ വിജയം എന്നർ ത്ഥമുള്ള നിക്കൊദേമോസ് യഥാർത്ഥത്തിൽ ശിഷ്യന്റെ വിജയം ആണ് സൂചിപ്പിക്കുന്നത്.

2. അന്ധകാരത്തിൽ യേശുവിനെ കാണുവാൻ വന്ന നിക്കൊദേമോസ് പ്രകാശിതനായി. പ്രകാശമായ യേശുവിന്റെ കുടെയിരിക്കുന്നവർ പ്രകാശിക്കും. അവൻ മറ്റുള്ളവർക്ക് പ്രകാശം പകരുന്നവരായിരിക്കും.

3. ദൈവരാജ്യാനുഭവം തിരശ്ചീനവും (Horizontal), ലംബവുമായ (Vertical) ദൈവാനുഭവത്തിന്റെസമന്വയമായിരിക്കണം. വീണ്ടും ജനിക്കുക എന്നർത്ഥമാക്കുന്നത് ഈലോകത്തിലുള്ള തീരശ്ചീനാനു വത്തിന്റെയും, മുകളിൽ നിന്നുള്ള (from Above) ദൈവാനുഭത്തിന്റെയും സമന്വയമായിരിക്കണം. സ്വർഗ്ഗരാജ്യത്തിലെത്താൻ മുകളിൽനിന്നുള്ള ദൈവദാനം ആവശ്യമാണ്. ഈ ദൈവ

ദാനമാണ് പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിലൂടെ ക്രിസ്തു ശിഷ്യൻ കൈവരിക്കുന്നത്.

ഡോ. ഡേവിസ് പനക്കൽ

പ്രസംഗം

സംഭാഷണം ഈശോയോടാകട്ടെ

ഫരിസേയനും, യഹൂദ പ്രമാണിയും ഇസ്രായേലിലെ ഗുരുവുമായ നിക്കൊദേമോസ് ഒരു രാത്രിയിൽ ഈശോയുടെ അടുക്കൽ എത്തി സംഭാഷണം നടത്തുന്നു. രാത്രിവരവിന് പല കാരണങ്ങൾ ഉണ്ട്. ഒരുപക്ഷേ, മറ്റുള്ളവർ എന്ത് വിചാരിക്കും എന്ന ചിന്തയായിരിക്കും. അല്ലെങ്കിൽ ഈശോയുമായ് സംവാദം നടത്താൻ ആളൊഴിഞ്ഞ സമയം നോക്കിയതുകൊണ്ടാകാം. അതുമല്ലെങ്കിൽ അവന്റെ പകലിന്റെ ജോലിഭാരമാകാം. എന്തുതന്നെയായാലും ഇരുളിന്റെ മറവിൽ അവൻ ഈശോയുടെ മുമ്പിലെത്തുമ്പോൾ അയാൾക്ക് വ്യക്തമായ കാരണങ്ങൾ ഉണ്ട്. എന്തെല്ലാം നേടിയാലും ദൈവരാജ്യം സ്വന്തമാക്കാൻ എന്തു ചെയ്യണമെന്നുള്ള അറിവില്ലായ്മ. ആത്മാവിന്റെ ഇരുളടഞ്ഞ മേഖലയിൽ വെളിച്ചം സ്വീകരിക്കാൻ ഇരുട്ടിന്റെ മറപറ്റി വെളിച്ചമായവന്റെ മുമ്പിലെത്തുകയാണ് നിക്കൊദേമോസ്.

ഈ സുവിശേഷഭാഗത്തിലൂടെ കടന്നുപോകുമ്പോൾ മൂന്ന് കാര്യങ്ങൾ നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരാം. ഒന്നാമത്, ഫരിസേയനും യഹൂദനും പ്രമാണിയും നിയമജ്ഞനുമായ ഒരു വ്യക്തി. ഈശോയുടെ മുമ്പിൽ തന്നെ തന്നെ വിധേയനാക്കിയെങ്കിൽ എനിക്കുവേണ്ടി മരിച്ച യേശുവിന്റെ മുമ്പിൽ എനിക്ക് എന്തുകൊണ്ട് എന്നെ പൂർണ്ണമായ് സമർപ്പിച്ചുകൂടാ. രണ്ടാമത്, പണവും പദവിയും അധികാരവുമുള്ള ഒരു ഫരിസേയൻ തന്റെ ജീവിതത്തിൽ ഒരു കുറവുണ്ടെന്ന് മനസ്സിലാക്കിയപ്പോൾ സാധാരണക്കാരും മുക്കുവരുമായ മനുഷ്യരെ ശിഷ്യരാക്കി നടക്കുന്ന ഈശോയുമായി സംവാദത്തിൽ ഏർപ്പെടുന്നു- അവന്റെ ആ കുറവ് തിരിച്ചറിയാൻ. എന്റെ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് നടുവിൽ എനിക്ക് ഈശോയുമായ് സംവാദത്തിൽ ഏർപ്പെടാൻ കഴിയുന്നുണ്ടോ.

മൂന്നാമത്, മാംസത്തിൽ നിന്ന് ജനിക്കുന്നത് അപൂർണ്ണമാണ്. അവൻ ആത്മാവിൽ ജനിച്ചാൽ പൂർണ്ണനാകും. മാംസത്തിൽ നിന്ന് ജന്മമെടുത്ത എനിക്ക് ആത്മാവിൽ ജനിക്കാൻ സാധിക്കുന്നുണ്ടോ?

എന്റെ ജീവിതത്തെ പൂർണ്ണമായും ദൈവത്തിന് മുമ്പിൽ സമർപ്പിക്കാൻ കഴിയണം. നിക്കൊദേമോസ് ഈശോയെ 'ഗുരു' എന്നാണ് വിളിച്ചത്. എന്നാൽ എനിക്ക് അവനെ എന്ത് വിളിക്കാൻ കഴിയും. അതിന് ഞാൻ എന്നെത്തന്നെ ഈശോയ്ക്ക് സമർപ്പിക്കണം. ഇരുട്ടിന്റെ മറപറ്റി വന്ന നിക്കൊദേമോസിനെ

നമ്മൾ പിന്നീട് കാണുന്നത് പൂർണ്ണമായ വെളിച്ചത്തിലാണ്. ഈശോയുടെ മരണസമയത്ത്, ആരെയും ഭയപ്പെടാതെ യഹൂദനും, ഫരിസേയനുമായ നിക്കോദേമോസ് വെളിച്ചത്ത് നിന്ന് വെളിച്ചമായവന് സാക്ഷ്യം നൽകുന്നു. ദൈവത്തിൽ നിന്നുള്ളവനാണ് ഈശോയെന്ന് തിരിച്ചറിഞ്ഞ നിമിഷം പിന്നീട് ഒന്നിനെയും നിക്കോദേമോസ് ഭയപ്പെടുന്നില്ല. സത്യം തിരിച്ചറിയുമ്പോൾ സത്യത്തിന് സാക്ഷ്യം നൽകാൻ നമുക്ക് കഴിയണം. ആഴമായ വിശ്വാസവും ആത്മാർത്ഥമായ സമർപ്പണവും വേണം. നിക്കോദേമോസിനെപ്പോലെ ഈശോയുടെ മുമ്പിൽ, നമ്മുടെ തലക്കനം മാറ്റിവച്ച് ഒരു ശിശുവായ് പൂർണ്ണമായി സമർപ്പിക്കാൻ കഴിയണം.

ജീവിതത്തിൽ കുറവുകളുണ്ടെന്ന് മനസ്സിലാകുമ്പോൾ, ശൂന്യതാബോധം ഉണ്ടാകുമ്പോൾ ഈശോയുമായ് സംവാദത്തിൽ ഏർപ്പെടാൻ കഴിയണം. നിക്കോദേമോസ് അറിവും ജ്ഞാനവുമുള്ള ഒരു ഗുരുവായിരുന്നു. അവൻ ഈശോയുമായ് സംവദിച്ചത് മറ്റുള്ളവരെപ്പോലെ ഈശോയെ പരാജയപ്പെടുത്താനല്ല. എല്ലാം ഉണ്ടായിട്ടും എന്തോ കുറവുണ്ടെന്നുള്ള ബോധ്യം വന്നതുകൊണ്ടാണ്. തന്റെ കുറവ് കണ്ടുപിടിക്കാനാണ് അവൻ പരിശ്രമിച്ചത്. അവന്റെ കുറവ് ഈശോ കാണിച്ചുകൊടുത്തു- നീ വീണ്ടും ജനിക്കണം. ശരീരത്തിൽ നിന്ന് ആത്മാവിലുള്ള ജനനം. അത് നിന്നെ നിന്റെ പദവിയിൽ നിന്നും എല്ലാവരെയും ശുശ്രൂഷിക്കുന്ന ഒരു ദാസനാക്കി തീർക്കും. അങ്ങനെ നീ പൂർണ്ണനായി തീരും. നമ്മളിൽ ഒളിഞ്ഞിരിക്കുന്ന ഒരു നിക്കോദേമോസ് ഉണ്ട്. എല്ലാം ഉണ്ടായിട്ടും ഒന്നുമില്ലാത്ത അവസ്ഥ, അല്ലെങ്കിൽ പ്രതിസന്ധികൾ നിറഞ്ഞ ജീവിതാനുഭവം. മടിച്ചു നിൽക്കാതെ ഈശോയുമായ് സംഭാഷണത്തിൽ ഏർപ്പെടുക, അവൻ നിനക്ക് വഴികാട്ടിത്തരും.

ആത്മാവിലും ജലത്താലും ജനിക്കാനാണ് ഈശോ ആവശ്യപ്പെടുന്നത്. ആത്മാവ് വിശുദ്ധീകരിക്കുന്നതും ജലം ശുദ്ധീകരിക്കുന്നതുമാണ്. മാംസത്തിൽ നിന്ന് ജന്മമെടുക്കുന്ന മനുഷ്യൻ തന്റെ ഭൂമിയിലെ ജീവിതത്തിലും ആത്മാവിനാൽ നയിക്കപ്പെടണം. അപൂർണ്ണമായ മാംസത്തിന്റെ പ്രവർത്തികളും ആഗ്രഹങ്ങളും വെടിഞ്ഞ ദൈവീക ചിന്തകളിലേയ്ക്കും പ്രവർത്തികളിലേയ്ക്കും വളരാൻ നാം ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം. ഈശോയ്ക്ക് പൂർണ്ണമായ് സമർപ്പിക്കാൻ, ഈശോയുമായ് സംഭാഷണത്തിൽ ഏർപ്പെടാൻ, ആത്മാവിൽ ജനിക്കാൻ അവന്റെ തിരുശരീര രക്തങ്ങളോട് കൂടെ നമ്മുടെ ജീവിതത്തെയും ചേർത്ത് വയ്ക്കാം.

ഫാ. റോണി കളപ്പുരയ്ക്കൽ എംസിബിഎസ്